"ഭരണഭാഷ – മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ധനകാര്യ വകുപ്പ് - എം.എൽ.എ മാരുടെ പ്രത്യേക വികസന നിധി - റവന്യു വകുപ്പിലെ അടിസ്ഥാന ഓഫീസുകളായ വില്ലേജ് ഓഫീസുകളിലും താലൂക്ക് ഓഫീസുകളിലും ഇ-ഓഫീസ് നടപ്പിലാക്കുന്നതിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനായി എം.എൽ.എ.മാരുടെ പ്രത്യേക വികസന നിധി വിനിയോഗിക്കുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

ധനകാര്യ(നോഡൽ സെന്റർ-ബി) വകുപ്പ്

സ.ഉ.(അച്ചടി) നം.62/2022/ധന. **തിരുവനന്തപുരം, തീയതി 04/06/2022.**

പരാമർശം : 1. 29/12/2017 തീയതിയിലെ സ.ഉ.(അച്ചടി) നം. 161/2017/ധന.
2. 10/02/2022 തീയതിയിൽ ബഹു. റവന്യുവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി ശ്രീ.കെ.രാജൻ അവർകൾ ബഹു.ധനകാര്യ മന്ത്രിയ്ക്ക് നല്കിയ കുറിപ്പ്.

ഉത്തരവ്

എം.എൽ.എ മാരുടെ ആസ്തി വികസന ഫണ്ട്/പ്രത്യേക വികസന ഫണ്ടിൽ നിന്നും വില്ലേജ് ഓഫീസുകളിലും, താലൂക്ക് ഓഫീസുകളിലും ഇ-ഓഫീസ് നടപ്പിലാക്കുന്നതിനായി തുക വിനിയോഗിക്കുന്നതിന് അനുവാദം നല്കിയാൽ സർക്കാരിന് പ്ലാൻ ഫണ്ടിൽ ഈയിനത്തിൽ വരുന്ന ചെലവ് ലാഭിക്കാവുന്നതാണെന്നും റവന്യു വകുപ്പിലെ അടിസ്ഥാന ഓഫീസുകളായ വില്ലേജ് ഓഫീസുകളിലും താലൂക്ക് ഓഫീസുകളിലും ഇ-ഓഫീസ് നടപ്പിലാക്കുന്നതിനായി ആവശ്യമായ ഉപകരണങ്ങൾ സമാഹരിക്കുന്നതിനായി ആസ്തി വികസന ഫണ്ട്/പ്രത്യേക വികസന ഫണ്ട് വിനിയോഗിക്കുന്നതിന് സാധിക്കുന്ന വിധത്തിൽ പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ബഹു. റവന്യുവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി ശ്രീ.കെ.രാജൻ അവർകൾ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഫലപ്രദമായ Gap study നടത്തി ആവശ്യകത ഉറപ്പു വരുത്തിക്കൊണ്ട്, റവന്യു വകുപ്പിലെ അടിസ്ഥാന ഓഫീസുകളായ വില്ലേജ് ഓഫീസുകളിലും താലൂക്ക് ഓഫീസുകളിലും ഇ-ഓഫീസ് നടപ്പിലാക്കുന്നതിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനായി എം.എൽ.എ.മാരുടെ **പ്രത്യേക വികസന ഫണ്ട്** വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
പുഷ്പജ.എം.ജി
ഡെപ്യൂട്ടി സെക്രട്ടറി (ധനകാര്യം)

പകർപ്പ് : -

1. എല്ലാ നിയമസഭാ സാമാജികർക്കും
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ & ഇ)കേരള, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ് II)കേരള, തിരുവനന്തപുരം
4. ബഹു. മുഖ്യ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
5. ബഹു. റവന്യുവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
6. ബഹു.മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്
7. ബഹു.പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
8. ബഹു.സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്
9. എല്ലാ ജില്ലാ കളക്ടർമാർക്കും
10. ട്രഷറി വകുപ്പ് ഡയറക്ടർ
11. എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്കും
12. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി [NC-B3/22/2022-FIN][2006782]

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ